


# January: Week 3.

**നിങ്ങൾ കലങ്ങുന്നതെന്ത് ? നിങ്ങളുടെ ഹൃദയ**
**ത്തിൽ സംശയം**
പൊങ്ങുന്നതെന്ത്? (ലൂക്കോ:24:38)



മനുഷ്യർ പൊതുവേ സംശയാലുക്കളാണ്. ‘നിങ്ങൾ ചിന്താകുലമില്ലാത്തവരായിരിക്കണം’. ‘നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ പ്രത്യാശയുള്ളവരായിരിപ്പിൻ’ എന്ന് വചനം പഠിപ്പിക്കുമ്പോഴും ഭാവികാര്യങ്ങളെപ്പറ്റിയുള്ള സംശയകരമായ ചിന്തകൾ നമ്മെ ഭയത്തിനടിമകളാക്കുന്നു. നിങ്ങളുടെ സകല ചിന്താകുലവും എന്റെ മേൽ ഇടുക എന്ന വാക്കുമായി നില്ക്കുന്ന ‘സമീപസ്ഥനെ’ സംശയാലുക്കൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. യേശുവിന്റെ വാക്കുകൾ കേട്ട്, ഗ്രഹിച്ച ശിഷ്യൻമാർ പോലും സംശയം ഹൃദയത്തിലുള്ളവരായിത്തീർന്നു.

ഒരു ദിവസം കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ഒരു മാതാവ് പ്രാർത്ഥനാ സ്ഥലത്തെത്തി. അവരുടെ മാനസീക സംഘർഷം മുഖത്ത് പ്രതിഫലിച്ചിരുന്നു. ദൈവത്തിൽ വിശ്വസിക്കുന്ന ഈ സഹോദരിയുടെ വിശ്വാസം തകർത്ത് സംശയം ഹൃദയത്തിൽ വരുത്തുവാൻ കാരണം അവരുടെ ഭവനത്തിലെത്തിയ പ്രവചനക്കാരി എന്ന് സ്വയം പ്രഖ്യാപിച്ച ഒരു സ്ത്രീയുടെ വാക്കുകളാണ്. ഇവിടെ ആ എബ്രായബാലന്മാർ ഒട്ടും സംശയാലുക്കളാകാതെ പറഞ്ഞത് ശ്രദ്ധിക്കുക. “.............അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്ന് വിടുവിക്കും ..............അല്ലെങ്കിലും........ രാജാവിന്റെ ദേവൻമാരെ സേവിക്കയില്ല”. (ദാനി:3:17) കർത്താവ് ചോദിച്ച ചോദ്യം സ്വയം ചോദിക്കുക. “ഞാൻ ഹൃദയത്തിൽ സംശയിക്കുന്നതെന്തിന്” ?

മാതാപിതാക്കൾ മക്കളെ ഓർത്ത്, ജോലിയില്ലാത്ത വർക്ക് ലഭിക്കുമോ എന്ന ചിന്ത, ജോലിയുള്ളവർ അത് നഷ്ടമായാലെന്തു ചെയ്യും എന്നു വേ സംശയം തന്നെ സംശയം. ഞാൻ കൂടെയു ് ഭയ ഷെടേ എന്നു തുടങ്ങി അനേകവാഗ്ദത്തങ്ങൾ ലഭി ച്ചിട്ടും നാം സംശയാലുക്കൾ തന്നെ. പ്രത്യാശയുള്ളവ രായി മാറുവാൻ വാഗ്ദത്തം തന്നവനെ അന്വേഷിച്ച് ക ത്തി, നന്നായി മനസ്സിലാക്കുക.”......ഞാൻ നിന്നോടുകൂടെ ഇരുന്ന് .........ഭൂമിയിലെ മഹാന്മാ രുടെ പേർ പോലെ ഞാൻ നിന്റെ പേർ വലുതാക്കും”. (2ശമു:7:9)എന്ന വാഗ്ദത്തം ദൈവം ചെയ്യും എന്ന് സംശയിക്കാതെ വിശ്വസിക്കുക.

## പ്രാർത്ഥന

കർത്തവേ ! നീ വലിയവനും, വിശ്വസ്തനുമാകുന്നു. നിന്നെഷോലെ ഒരുത്തനും ഇല്ല എന്ന് വിശ്വസി ഷാൻഇടയാക്കിയതിന് സ്തോത്രം.നിന്നിലുള്ള വിശ്വാ സത്താൽ സംശയം ഹൃദയത്തിൽ നിന്നകറ്റി ആകുല ചിന്തയെ ഉപേക്ഷിഷാൻ സഹായിക്കേണമേ. യേശു വിൻ നാമത്തിൽ തന്നെ ആമേൻ...



Santhamma Varghese

This article is written by Santhamma Varghese.

copyright with http://biblestudy.co.in